പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4682** **27. 06. 2014-** ലെ മറുപടി

<u>പ്രവാസി കേരളീയർക്ക് ക്ഷേമ പദ്ധതികൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| <u>ശ്രീ. സണ്ണി ജോസഫ്</u><br><u>ശ്രീ.എം.എ. വാഹീദ്</u><br><u>ശ്രീ. പി.എ. മാധവൻ</u><br><u>ശ്രീ. സി . പി . മുഹമ്മദ്</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി കേരളീയർക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ ;<br><br>(ബി ) ഏതെല്ലാം വിഭാഗക്കാർക്കാണ് ഇൻഷ്വറൻസ് പദ്ധതി വഴി പരിരക്ഷ ലഭിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | എ & ബി) വിദേശത്ത് താമസിക്കുന്ന പ്രവാസികൾക്കായി നോർക്ക-റൂട്ട്സ് പ്രവാസി തിരിച്ചറിയൽ കാർഡും, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ താമസിക്കുന്ന കേരളീയർക്കായി എൻ. ആർ.കെ ഇൻഷുറൻസ് കാർഡും നോർക്ക-റൂട്ട്സ് ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കാർഡുടമകൾക്ക് ന്യൂ ഇന്ത്യ അഷുറൻസ് കമ്പനിയുമായി ചേർന്ന് ഇൻഷുറൻസ് പരിരക്ഷ നൽകി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (സി) പദ്ധതി നടത്തിപ്പിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കുന്നത് ; വിശദമാക്കുമോ ;<br><br>(ഡി) പദ്ധതി നടത്തിപ്പിനായി നോർക്ക ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (സി & ഡി) പദ്ധതി നടത്തിപ്പിനായി എല്ലാ നോർക്ക-റൂട്ട്സ് സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങളിലും ഐ.ഡി സെല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനായുള്ള തുക കാർഡ് ഫീ ഇനത്തിൽ ലഭിക്കുന്ന തുകയും നോർക്ക റൂട്ട്സ് തനതു ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**1. എൻ.ആർ.കെ ഐഡി കാർഡ്/പ്രവാസി ഐഡി കാർഡ്**

**സവിശേഷതകൾ**

- ☐ പ്രവാസി കേരളീയർക്കായുള്ള തിരിച്ചറിയൽ കാർഡായി ഉപയോഗിക്കുന്നതിലേക്ക് 2008 ആഗസ്റ്റിൽ ആരംഭിച്ചു.
- ☐ അപകടമരണം/സ്ഥിരമായ/പൂർണമായ/ഭാഗീകമായ വൈകല്യം എന്നിവയ്ക്ക് രണ്ടു ലക്ഷം (പരമാവധി) രൂപവരെയുള്ള ഇൻഷുറൻസ് ആനുകൂല്യം
- ☐ കാർഡിന്റെ കാലാവധി മൂന്നുവർഷമായിരിക്കും.
- ☐ രജിസ്ട്രേഷൻ ഫീ - ഒരു വ്യക്തിക്ക് 300 രൂപ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക-റൂട്ട്സ് എന്ന പേരിൽ തിരിവുനനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ്)

**അർഹത**

- ☐ കുറഞ്ഞത് ആറുമാസത്തേതെങ്കിലും സാധുതയുള്ള വിസ, പാസ്പോർട്ട് എന്നിവയോടെ വിദേശത്ത് താമസിക്കുകയോ ജോലിചെയ്യുന്നതോ ആയ പ്രവാസി മലയാളി.
- ☐ 18 വയസ്സ് പൂർത്തിയായിരിക്കണം.
- ☐ പാസ്പോർട്ട്, വിസ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പ്രസക്തമായ പേജുകളുടെ പകർപ്പുകൾ സഹിതം അപേക്ഷ സമർപ്പിച്ചിരിക്കണം.

**2. എൻ.ആർ.കെ ഇൻഷുറൻസ് കാർഡ്**

**സവിശേഷതകൾ**

- ☐ മറുനാടൻ മലയാളികൾക്കുള്ള (അന്യസംസ്ഥാനങ്ങളിൽ താമസിക്കുന്ന മലയാളികൾ) തിരിച്ചറിയൽ കാർഡ് എന്ന നിലയിൽ 2012 ജൂണിലാണ് ആരംഭിച്ചത്.
- ☐ നോർക്ക സഹായപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള തിരിച്ചറിയൽ കാർഡായി ഇത് ഉപയോഗിക്കാം.
- ☐ അപകടമരണം, സ്ഥിരം/പൂർണ വൈകല്യം എന്നിവയ്ക്ക് രണ്ടുലക്ഷം (പരമാവധി) രൂപ വരെ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. ഭാഗികമായ അംഗവൈകല്യത്തിന് ഒരു ലക്ഷം രൂപവരെ ലഭിക്കും.
- ☐ കാർഡിന്റെ കാലാവധി മൂന്നുവർഷമായിരിക്കും.

[signature]
സെക്ഷൻ ഓഫീസർ